പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1589

03/10/2011 - ൽ
മറുപടിക്ക്

സർക്കാർ വാഹനങ്ങൾ മോഷ്ടിക്കപ്പെടുന്നതിനെതിരെ നടപടി

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|---|
| (എ) സർക്കാർ വാഹനങ്ങൾ മോഷ്ടിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇത്തരത്തിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ; | (എ) & (ബി) | ഉണ്ട്<br>കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇത്തരം 36 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) കൊല്ലം ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്തുകളുടെ എത്ര വാഹനങ്ങൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അവ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളുടേതാണെന്നും വ്യക്തമാക്കുമോ ; | (സി) | 6 ഗ്രാമപഞ്ചായത്തുകളുടെ വാഹനങ്ങൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ട്. അവ വിളക്കുടി, ഇട്ടിവ, ആദിച്ചനല്ലൂർ, തൃക്കോവിൽവട്ടം, മയ്യനാട്, പൂതക്കുളം തുടങ്ങിയഗ്രാമപഞ്ചായത്തുകളുടേതാണ്. |
| (ഡി) ഇതിൽ എത്ര വാഹനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ; | (ഡി) | വാഹനങ്ങളെയോ പ്രതികളെയോ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. കേസന്വേഷണം നടന്നുവരുന്നു. |
| (ഇ) സർക്കാർ വാഹനങ്ങൾ മോഷ്ടിക്കുന്നതിനായി പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഈ കേസുകൾ അന്വേഷിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ ? | (ഇ) | ഇതിനായി പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസുകളിൽ അന്വേഷണം ഊർജിതപ്പെടുത്തുന്നതിനുള്ള നടപടികൾസ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ